# Chapter_05

## പ്രതിരോധത്തിന്റെ കാവലാളുകൾ
## Soldiers of Defense



**10th Biology**
**Online class_35**
**10th December 2020**

note compiled by
augustine a s
ghs koonathara

## ആന്റിബയോട്ടിക്കുകൾ Antibiotics

### എന്താണ് മരുന്നുകൾ?
### What are Medicines

ചികിത്സയിൽ രോഗനിർണയത്തോടൊപ്പം മരുന്നുകൾക്കും വലിയ പ്രാധാന്യമുണ്ട്.

In treatment, along with diagnosis medicines also have great significance.

സസ്യങ്ങൾ, ജന്തുക്കൾ, സൂക്ഷ്മജീവികൾ എന്നിവയിൽനിന്ന് വേർതിരിച്ചെടുക്കുന്ന പദാർത്ഥങ്ങളോ പരീക്ഷണശാലകളിൽ കൃത്രിമമായി നിർമ്മിച്ചെടുക്കുന്ന രാസവസ്തുക്കളോ ആണ് മരുന്നുകൾ.

Medicines are either substances extracted from plants, animals or microorganisms or chemical substances synthesised in laboratories.

## ആന്റിബയോട്ടിക്കുകൾ
## Antibiotics

ബാക്ടീരിയകൾക്കെതിരെ പ്രവർത്തിക്കുന്ന ഫലപ്രദമായ ഔഷധങ്ങളാണ് ആന്റിബയോട്ടിക്കുകൾ

**Antibiotics are effective drugs that work against bacteria.**

ബാക്ടീരിയ, ഫംഗസ് തുടങ്ങിയ സൂക്ഷ്മജീവികളിൽനിന്നും വേർതിരിച്ചെടുക്കുകയും ബാക്ടീരിയയെ നശിപ്പിക്കാൻ ഉപയോഗിക്കുന്നതുമായ ഔഷധങ്ങളാണ് ആന്റിബയോട്ടിക്കുകൾ.

Medicines that are extracted from microorganisms like bacteria, fungi, etc. and used to destroy bacteria are called antibiotics.

ശരീരോപരിതലത്തിലും ശരീരത്തിനകത്തും പ്രയോഗിക്കാവുന്ന ഔഷധങ്ങളാണ് ആന്റിബയോട്ടിക്കുകൾ.

**Antibiotics can be used internally or externally**






1928 ൽ സർ അലക്സാണ്ടർ ഫ്ളെമിങ് ആണ് ആദ്യമായി ആന്റിബയോട്ടിക്കുകൾ കണ്ടെത്തിയത്. പെനിസിലിയം നൊട്ടേറ്റം എന്ന ഫംഗസിന് ബാക്ടീരിയകളെ നശിപ്പിക്കാനുള്ള കഴിവുണ്ടെന്ന് അദ്ദേഹം ആകസ്മികമായി കണ്ടെത്തി. എന്നാൽ അതിൽ നിന്നും മരുന്ന് വേർതിരിച്ചെടുക്കാൻ പിന്നെയും വർഷങ്ങൾ വേണ്ടിവന്നു.

It was Alexander Fleming who first discovered antibiotics in 1928. He accidentally discovered that the fungus *Penicillium notatum* has the ability to destroy bacteria. But it took several years to extract medicine from it.

ആന്റിബയോട്ടിക്കുകൾ ഫലപ്രദമായ ഔഷധങ്ങളാണെങ്കിലും അവയുടെ സ്ഥിരമായ ഉപയോഗം പല പാർശ്വഫലങ്ങളും സൃഷ്ടിക്കുന്നുണ്ട്.

Though antibiotics are effective medicines, their regular use creates many side effects.

ആന്റിബയോട്ടിക്കുകളുടെ സ്ഥിരമായ ഉപയോഗം രോഗാണുക്കൾക്ക് ആന്റിബയോട്ടിക്കുകൾക്കെതിരായ പ്രതിരോധശേഷി ഉണ്ടാക്കുന്നു.

Regular use develops immunity in pathogens against antibiotics.

ശരീരത്തിലെ ഉപകാരികളായ ബാക്ടീരിയകളെ നശിപ്പിക്കുന്നു.

Destroys useful bacteria in the body.

ശരീരത്തിലെ ചില വിറ്റാമിനുകളുടെ അളവ് കുറയ്ക്കുന്നു.

Reduces the quantity of some vitamins in the body.

ആന്റിഫംഗൽ മരുന്നുകൾ – ഫംഗസുകളെ നശിപ്പിക്കുന്നു.

Antifungal medicines - Destroy fungi.

ആന്റിവൈറൽ മരുന്നുകൾ – വൈറസുകളെ നിയന്ത്രിക്കുന്നു.

Antiviral medicines - control viruses.




## പ്രഥമശുശ്രൂഷ First Aid




**Watching online class of this note**

**For previous notes of online classes**

## എന്റെ പഠനമുറി

**For InterBell worksheet of this class**

**Malayalam**

**English**